പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 1870

14.07.2011 - ൽ മറുപടിക്ക്

## മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.എ. മാധവൻ<br>ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ രൂപീകരിച്ചത് എന്നാണ്; | (എ) 01.11.2007 - ലാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ രൂപീകൃതമായത്. |
| (ബി) പ്രസ്തുത കോർപ്പറേഷൻ ഓരോ സാമ്പത്തിക വർഷവും മരുന്നുകൾ വാങ്ങുന്നതിനും ആശുപത്രികളിലേയ്ക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനുമായി എത്ര തുക വീതം ചെലവഴിച്ചുവെന്ന് അറിയിക്കുമോ; | (ബി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി മരുന്നുകളും ഉപകരണങ്ങളും വാങ്ങുന്നന്നതിനായി ചെലവഴിച്ച തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br><br>മരുന്നുകളും ചികിത്സാ സാമഗ്രികളും — 2008-09 (കോടി രൂപ): 125.96; 2009-10 (കോടി രൂപ): 149.41; 2010-11 (കോടി രൂപ): 156.42<br>ആശുപത്രി ഉപകരണങ്ങൾ — 2008-09: ഇല്ല; 2009-10: 34.49; 2010-11: 11.99 |
| (സി) മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ സർക്കാർ നിയമങ്ങളും ചട്ടങ്ങളും പാലിക്കാതെ സ്വകാര്യ കമ്പനികളെ സഹായിക്കുന്ന രീതിയിലാണ് പർച്ചേസ് ഇടപാടുകൾ നടത്തിയിട്ടുള്ളതെന്ന നിരവധി മാധ്യമ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) സംസ്ഥാന ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും നൽകുന്ന വാർഷിക ഇൻഡന്റുകളുടെ അടിസ്ഥാനത്തിൽ വളരെ വ്യക്തവും കർശനവുമായ ടെൻഡർ വ്യവസ്ഥകൾ പ്രകാരമാണ് കോർപ്പറേഷൻ മരുന്നുകളും ചികിത്സാ സാമഗ്രികളും ആശുപത്രി ഉപകരണങ്ങളും സംഭരിക്കുന്നത്. ടു ബിഡ് സിസ്റ്റത്തിലുള്ള ടെൻഡറുകളുടെ നടപടിക്രമങ്ങൾ ഓരോ സ്റ്റേജിലും കോർപ്പറേഷന്റെ നോട്ടീസ് ബോർഡിലും വെബ്സൈറ്റിലും |

| | |
|---|---|
| | പ്രസിദ്ധപ്പെടുത്തി പരാതികളോ/നിർദ്ദേശങ്ങളോ ഉണ്ടെങ്കിൽ അവ സമർപ്പിക്കുവാൻ അവസരം നല്കിയാണ് ടെൻഡറുകൾ തീർപ്പാക്കുന്നത്. സർക്കാരിന്റെ അനുമതിയോടെ സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പിലെയും, ഗവൺമെന്റ് ഫാർമസി കോളേജിലെയും, ആരോഗ്യ വകുപ്പ്/ആരോഗ്യ വിദ്യാഭ്യാസ വകുപ്പ് എന്നിവയിലെ ഉദ്യോഗസ്ഥരടങ്ങിയ വിദഗ്ദ്ധ സംഘം ടെൻഡറിൽ പങ്കെടുക്കുന്ന പുതിയ സ്ഥാപനങ്ങളുടെയും മുൻകാലങ്ങളിൽ പരിശോധന നടത്തിയിട്ടില്ലാത്ത സ്ഥാപനങ്ങളുടെയും ഫാക്ടറികൾ പരിശോധിച്ച് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ചട്ടങ്ങളിലെ ഷെഡ്യൂൾ എം - ൽ നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരമാണ് പ്രവർത്തിക്കുന്നതെന്ന് ഉറപ്പുവരുത്തിയ ശേഷമാണ് ടെൻഡറുകൾ പരിഗണിക്കുന്നത്. ടെൻഡർ ഉറപ്പിച്ച ശേഷം നൽകുന്ന ഓരോ ബാച്ച് മരുന്നുകളുടെയും ഗുണനിലവാരം സർക്കാർ അംഗീകൃത ഡ്രഗ് ടെസ്റ്റിംഗ് ലാബുകളിൽ പരിശോധിച്ച് നിശ്ചിത ഗുണനിലവാരം ഉള്ളവയെന്ന് കണ്ടെത്തുന്ന മരുന്നുകൾ മാത്രം സ്റ്റോക്കിലെടുത്ത് ആശുപത്രികൾക്ക് വിതരണം ചെയ്യുന്നു. ഗുണനിലവാരം ഇല്ലാത്തവയെന്ന് തെളിയുന്ന മരുന്നുകളും ചികിത്സാ സാമഗ്രികളും നിരാകരിക്കുകയും അവയുടെ വില തടഞ്ഞു വയ്ക്കുകയും ബ്ലാക്ക് ലിസ്റ്റിൽ ഉൾപ്പെടുത്തുകയും ചെയ്യുന്നു.<br><br>ആശുപത്രി ഉപകരണങ്ങളുടെ സംഭരണത്തിന് ഒരു വിദഗ്ദ്ധ സംഘം പരിശോധിച്ച് നിശ്ചിത നിലവാരം പ്രവർത്തനക്ഷമത ഉള്ളവയെന്നും സാക്ഷ്യപ്പെടുത്തിയ ഉപകരണങ്ങൾ മാത്രമേ കോർപ്പറേഷൻ സംഭരിക്കുകയുള്ളൂ. ഉപകരണങ്ങളുടെ തൃപ്തികരമായ പ്രവർത്തനക്ഷമത ഉറപ്പു വരുത്തിയതിനുശേഷമാണ് കരാറുകാരന് വിലനൽകുന്നത്. കരാർ സമയത്തുള്ള വ്യവസ്ഥകൾ പാലിക്കാത്ത കരാറുകാരെ ബ്ലാക്ക് ലിസ്റ്റിംഗിൽ ഉൾപ്പെടുത്തുന്ന തരത്തിലുള്ള കർശന നടപടികൾ ടെൻഡർ വ്യവസ്ഥയിലുണ്ട്. |

| | |
|---|---|
| | ബ്ലാക്ക്ലിസ്റ്റിൽപ്പെടുത്തുന്ന കമ്പനികളുടെയും ഉൽപ്പന്നങ്ങളുടെയും വിവരങ്ങൾ കോർപ്പറേഷൻ വെബ്സൈറ്റിലൂടെ പരസ്യപ്പെടുത്താറുണ്ട്. ഇങ്ങനെ ചട്ടപ്രകാരവും സുതാര്യവുമായ രീതിയിലാണ് കോർപ്പറേഷൻ പർച്ചേസ് ഇടപാടുകൾ നടത്തി വരുന്നത്. |
| (ഡി) ഓരോ വർഷങ്ങളിലും ആവശ്യമായതിലധികം മരുന്നുകൾ വാങ്ങുന്നതുമൂലം സൂക്ഷിക്കുവാൻ ഇടമില്ലാതെ മരുന്നുകൾ നശിച്ചു പോകുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ഡി) സംസ്ഥാന ആരോഗ്യ വകുപ്പിന്റെയും ആരോഗ്യ വിദ്യാഭ്യാസ വകുപ്പിന്റെയും കീഴിലുള്ള ആശുപത്രികൾ സമർപ്പിക്കുന്ന വാർഷിക ഇൻഡന്റ് പ്രകാരമാണ് മരുന്നുകളും ചികിത്സാ സാമഗ്രികളും കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്നത്. മരുന്നുകൾ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് ചട്ടങ്ങളിലെ നിബന്ധനകൾ പൂർണ്ണമായും പാലിച്ച് സ്റ്റോർ ചെയ്യാനുള്ള ആധുനിക സംവിധാനങ്ങളോടുകൂടിയ വെയർ ഹൗസുകൾ ജില്ലകൾ തോറും സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. |
| (ഇ) മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ പർച്ചേസ് കമ്മിറ്റി അംഗങ്ങൾ നടത്തിയ അന്യ സംസ്ഥാന യാത്രകൾ ഉൾപ്പെടെയുള്ള യാത്രകളിൽ അഴിമതിയും ധൂർത്തും ഉള്ളതായ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (ഇ) മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിലെ പർച്ചേസ് കമ്മിറ്റി അംഗങ്ങൾ മരുന്ന് സംഭരണവുമായി ബന്ധപ്പെട്ട് അന്യ സംസ്ഥാന യാത്രകൾ നടത്തിയിട്ടില്ല. പുതിയതായി ടെൻഡറിൽ പങ്കെടു ക്കുന്ന സ്ഥാപനങ്ങളുടെയും മുമ്പ് പരിശോധന നടത്തിയിട്ടില്ലാത്ത സ്ഥാപന ങ്ങളുടെയും ഫാക്ടറികൾ പരിശോധിച്ച് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക് റൂൾസിലെ വ്യവസ്ഥകൾ പ്രകാരമാണ് അവ പ്രവർത്തിപ്പിക്കുന്നതെന്ന് ഒരു വിദഗ്ദ്ധ സംഘത്തെ കൊണ്ട് പരിശോധിപ്പിക്കുന്നതിന് സർക്കാരിന്റെ അനുമതിയോടെ ഫാക്ടറികളിൽ പോകാറുണ്ട്. ഇതിലെ അംഗങ്ങൾ ഡ്രഗ്സ് കൺട്രോൾ വകുപ്പിലെയും സർക്കാർ ഫാർമസി കോളേജിലെയും വിദഗ്ദ്ധരായ ഉദ്യോഗസ്ഥരും ആരോഗ്യ വകുപ്പിലെ/ആരോഗ്യ വിദ്യാഭ്യാസ വകുപ്പിലെ പ്രതിനിധികളുമാണ്. ഫാക്ടറി പരിശോധനാ ഫലങ്ങൾ കോർപ്പറേഷന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കാറുണ്ട്. |

| | | | |
|---|---|---|---|
| (എഫ്) | മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ വഴി നടത്തിയ അഴിമതിയെ കുറിച്ചും ധൂർത്തിനെക്കുറിച്ചും വിശദമായ അന്വേഷണം നടത്തുമോ? | (എഫ്) | വ്യക്തമായ പരാതികൾ ലഭിക്കുന്ന പക്ഷം അന്വേഷണം നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ